# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 34 10.06.2013 -ലെ മറുപടിയ്ക്ക്

### ഗവ. സെക്രട്ടേറിയറ്റിലെ തീർപ്പാക്കിയ ഫയലുകൾ നീക്കം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ, തീർപ്പുഫയലുകളും, മറ്റു അനുബന്ധ രേഖകളും, മുൻ വർഷങ്ങളിലെ പേഴ്സണൽ രജിസ്റ്ററുകളും, സ്റ്റോക്ക് ഫയലുകളും മറ്റും യഥാസമയം റെക്കോഡ്സ് വിഭാഗത്തിൽ അയയ്ക്കാതെ വളരെക്കാലമായി പല ഭാഗത്തായി കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഇതുമൂലം ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ഉണ്ടാക്കുന്ന അരോഗ്യപ്രശ്നങ്ങളും, ബുദ്ധിമുട്ടുകളും കണക്കിലെടുത്ത് അവ അടിയന്തിരമായി റെക്കോഡ്സ് വിഭാഗത്തിൽ അയയ്ക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ;<br><br>(സി) വകുപ്പ് സെക്രട്ടറിമാർ മാസത്തിലൊരിക്കൽ സെക്ഷനുകൾ സന്ദർശിച്ച് സെക്ഷനുകൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുവാനും, വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകുമോ ? | തീർപ്പുഫയലുകളും മറ്റ് അനുബന്ധ രേഖകളും മുൻ വർഷങ്ങളിലെ പേഴ്സണൽ രജിസ്റ്ററുകളും മറ്റും അടിയന്തിരമായി റിക്കാർഡ്സ് വിഭാഗത്തിൽ അയയ്ക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ